കോഴിക്കോട് മെഡിക്കൽ കോളേജിലെ ആംബുലൻസുകൾ

153 (811)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്ര ആംബുലൻസുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടെ നിലവിലുള്ള എല്ലാ ആംബുലൻസുകളും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4 (നാല്) ആംബുലൻസുകളുണ്ട്.

(ബി) ഇവയിൽ രണ്ടെണ്ണം ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) ഒരെണ്ണം പ്രവർത്തന ക്ഷമമല്ലാത്തതിനാൽ അത് നിരാകരണം ചെയ്യുവാൻ നടപടിയെടുത്തിട്ടുണ്ട്. അപകടത്തിൽപ്പെട്ട മറ്റൊന്ന് നന്നാക്കിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിരാകരണം ചെയ്യുവാൻ തീരുമാനിച്ച ഒരെണ്ണം ഒഴിച്ചു മറ്റുള്ളത് നന്നാക്കിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

എം.ജി.ആർ. മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ പഠനം പൂർത്തിയാക്കിയവർക്ക് തൊഴിൽ ലഭിക്കുന്നില്ല എന്ന പരാതി

154 (812)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിലെ എം.ജി.ആർ. മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ കേരളത്തിൽ നിന്നുള്ള നിരവധി വിദ്യാർത്ഥികൾ വർഷങ്ങളായി നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയിൽ പഠനം നടത്തി വരുന്നുണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ യൂണിവേഴ്സിറ്റിയെ കേരളത്തിലെ മെഡിക്കൽ കൗൺസിൽ അംഗീകരിച്ചിട്ടില്ലാത്തതിനാൽ അവിടെ പഠിച്ച നിരവധി പേർക്ക് തൊഴിലവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ പഠനം നടത്താൻ നിർബന്ധിതരായ ധാരാളം ഉദ്യോഗാർത്ഥികളുടെ ഭാവി അപകടത്തിലാക്കുന്ന മെഡിക്കൽ കൗൺസിലിന്റെ ഈ തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തമിഴ്നാട്ടിലെ ഡോ. എം.ജി.ആർ. യൂണിവേഴ്സിറ്റി ഓഫ് ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ അവിടെ പഠിച്ച നിരവധി പേർക്ക് തമിഴ്നാട്ടിനു പുറത്തു ജോലി ചെയ്യാൻ കഴിയുകയില്ല.

(സി) ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ, ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ എന്നിവയുടെ അംഗീകാരം വാങ്ങാൻ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയും സംസ്ഥാന ഗവൺമെന്റുമാണ്.

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ

155 (813)ശ്രീ. കെ. അച്യുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു വിരുദ്ധമായി ഈ വർഷം സ്ഥലമാറ്റം നടത്തിയിട്ടുണ്ടോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലേയും ദന്തൽ കോളേജിലേയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരെ പരസ്പരം സ്ഥലം മാറ്റിയത് മാനദണ്ഡം പാലിച്ചാണോ;

(ഡി) സ്ഥലം മാറ്റപ്പെട്ടവർ സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ ഇവരെ സ്ഥലം മാറ്റിയതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ഇത് പുന:പരിശോധിക്കണമെന്ന് വ്യക്തികളോ ഏതെങ്കിലും സർവ്വീസ് സംഘടനയോ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ നിവേദനം നൽകിയത് ആരാണെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(എഫ്) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണ് ഈ സ്ഥലം മാറ്റം നടത്തിയതെങ്കിൽ അത് പുന:പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഒരു സ്റ്റേഷനിൽനിന്നും മറ്റൊരു സ്റ്റേഷനിലേക്കുള്ള സ്ഥലം മാറ്റത്തിനാണ് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഈ കേസിൽ സ്റ്റേഷൻ മാറ്റം നടന്നിട്ടില്ല. അടുത്തടുത്ത രണ്ട് ആഫീസുകളിലേക്കു പരസ്പരം മാറ്റുകയാണുണ്ടായത്.

(ഡി) ഇല്ല

(ഇ) ഓഫീസുകളുടെ ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പരസ്പരം മാറ്റിയത്.

LIBRARY ARCHIVES Kerala Legislative Assembly